**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3962** **03-03-2023 - ൽ മറുപടിയ്ക്ക്**

**ആർദ്രം മിഷൻ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പൊതുജനാരോഗ്യ മേഖല ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി നടപ്പാക്കി വരുന്ന ആർദ്രം മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും തുടർ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | **ഉണ്ട്.**<br><br>**ആർദ്രം മിഷന്റെ രണ്ടാം ഘട്ട പ്രവർത്തനം വേഗത്തിലാക്കാൻ 23.01.2023 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം.172/2023/ ആ.ക.വ പ്രകാരം സംസ്ഥാതല കമ്മിറ്റികൾ, ജില്ലാതല കമ്മിറ്റികൾ, ഉപജില്ലാതല കമ്മിറ്റികൾ രൂപീകരിച്ച് അവയുടെ ഘടനയും ചുമതലകളും സംബന്ധിച്ച് വ്യക്തമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.** |
| (ബി) | വികസന, ക്ഷേമ പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിന് രൂപീകരിച്ചിട്ടുള്ള മൂന്നാം നൂറ് ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി ആരോഗ്യ മേഖലയിലെ പദ്ധതികൾക്ക് ആർദ്രം മിഷൻ-2 പ്രകാരം മുൻഗണന നിശ്ചയിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | മൂന്നാം നൂറ് ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി മുൻഗണന നൽകിയിട്ടുള്ള ആർദ്രം മിഷൻ-2 പ്രകാരമുള്ള പദ്ധതികൾ ചുവടെച്ചേർക്കുന്നു.<br><br>1) 51 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യുന്ന പദ്ധതി.<br><br>2) 32 സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യുന്ന പദ്ധതി.<br><br>3) 207 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കുന്ന പദ്ധതി.<br><br>4) ഐസോലേഷൻ വാർഡുകളുടെ നിർമ്മാണം.<br><br>ഈ പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിലും ജില്ലാ തലത്തിലും ഉദ്യോഗസ്ഥർക്ക് ചുമതല നൽകി പ്രവർത്തനങ്ങൾ നിരീക്ഷിച്ച് വരുന്നു. |
| (സി) | ആരോഗ്യ രംഗം രോഗീ സൗഹാർദ്ദമാക്കുന്നത് ലക്ഷ്യമിട്ട് നടപ്പാക്കിയിട്ടുള്ള ആർദ്രം മിഷൻ ഒന്നാം | (സി) | ആർദ്രം മിഷന്റെ ഭാഗമായി ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങളും |

| | | | |
|---|---|---|---|
| | ഘട്ട പദ്ധതി പ്രകാരം നടപ്പാക്കിയ പരിഷ്കാരങ്ങൾ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | | സേവനങ്ങളും മെച്ചപ്പെടുത്തി ജനസൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റുവാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുകയും, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെ ഔട്ട് പേഷ്യന്റ് വിഭാഗം ജനസൗഹൃദമാക്കുവാനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.<br><br>ആർദ്രം മിഷന്റെ ഭാഗമായി ജനസൗഹൃദമായി പരിവർത്തനം ചെയ്ത സ്ഥാപനങ്ങളിൽ ലഭ്യമായ സംവിധാനങ്ങൾ ജനങ്ങൾക്ക് മനസ്സിലാക്കുവാൻ വേണ്ട സൈനേജ്/നോട്ടീസ് ബോർഡുകൾ, വയോജന/സ്ത്രീ/ഭിന്നശേഷി സൗഹൃദമായ ഒപി വിഭാഗം, ഒപി വിഭാഗത്തിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വേണ്ട സൗകര്യങ്ങളോടു കൂടിയ കാത്തിരിപ്പ് കേന്ദ്രം, രജിസ്ട്രേഷൻ, ടോക്കൺ സംവിധാനങ്ങൾ, ട്രയേജ് സംവിധാനം, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ, ഒബ്സർവേഷൻ മുറി, ലാബ് സംവിധാനം, മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള ചികിത്സ നൽകുവാൻ വേണ്ട ഉപകരണങ്ങൾ എന്നിവ ഉറപ്പാക്കുന്നു.<br><br>ആർദ്രം മിഷന്റെ ഭാഗമായി 886 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യാൻ ലക്ഷ്യമിട്ടതിൽ 615 സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്തു കഴിഞ്ഞു. കൂടാതെ 152 സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുന്നതിനും തിരഞ്ഞെടുത്തിട്ടുണ്ട്. ജില്ലാ/ജനറൽ ആശുപത്രികളിൽ 17 എണ്ണം തിരഞ്ഞെടുത്തതിൽ 14 എണ്ണത്തിലും ഒ.പി പരിവർത്തനം പൂർത്തിയായി. താലൂക്ക് ആശുപത്രികളിൽ 43 എണ്ണം തിരഞ്ഞെടുത്തതിൽ 8 എണ്ണത്തിൽ ഒ.പി പരിവർത്തനം പൂർത്തിയായി. പരിവർത്തനം പൂർത്തിയായ സ്ഥാപനങ്ങളിൽ ആർദ്രം മിഷൻ വിഭാവനം ചെയ്യുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. മറ്റു ആരോഗ്യ സ്ഥാപനങ്ങളിൽ ആർദ്രം മാനദണ്ഡപ്രകാരം പരിവർത്തനം പൂർത്തിയാകുമ്പോൾ ആർദ്രം മിഷൻ വിഭാവനം ചെയ്യുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ